പ്രൈം മിനിസ്റ്റേഴ്സ് ഗ്രാമ സടക്‌യോജന പ്രകാരം നിർമ്മിച്ച റോഡുകൾ

172 [3577] ശ്രീ. ലൂഡി ലൂയിസ്:
,, ജി. പ്രതാപവർമ്മ തമ്പാൻ:
,, ഇ. എം. അഗസ്തി:
,, എം. കെ. പോൾസൺ മാസ്റ്റർ:
,, കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈം മിനിസ്റ്റേഴ്സ് ഗ്രാമ സടക് യോജന പ്രകാരം സംസ്ഥാനത്ത് എത്ര കിലോമീറ്റർ റോഡ് ഇതുവരെ നിർമ്മിച്ചു;

(ബി) ഇതിനുവേണ്ടി കേന്ദ്രത്തിൽ നിന്നും എന്ത് തുകയുടെ ധനസഹായം കിട്ടി;

(സി) ഈ സ്കീമിൽ ഉൾപ്പെടുത്തി കൂടുതൽ റോഡുകൾ നിർമ്മിക്കുവാൻ പദ്ധതിയുണ്ടോ?

ഉത്തരം

(എ) പ്രധാനമന്ത്രിയുടെ ഗ്രാമ സടക് യോജന പദ്ധതി പ്രകാരം സംസ്ഥാനത്ത് ഇതുവരെ 225.424 കിലോമീറ്റർ റോഡ് നിർമ്മിച്ചിട്ടുണ്ട്.

(ബി) പദ്ധതിയുടെ ഭാഗമായി ഇതുവരെ കേന്ദ്ര സർക്കാരിന്റെ സഹായമായി 6917 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തെ കൂടുതൽ ബ്ലോക്കുകളിൽ ഈ പദ്ധതി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി 25 ബ്ലോക്കുകളിലായി ഉദ്ദേശം 50 കോടി രൂപയുടെ പാക്കേജ് തയ്യാറാക്കി കേന്ദ്രാനുമതിക്കായി നല്കുന്നതിനുള്ള നടപടികൾ പുർത്തിയായി വരുന്നു.

സ്വരൺ ജയന്തി ഗ്രാമ സ്വരോസ്ഗർ യോജന

173 [3578] ശ്രീ. ഇ. എം. അഗസ്തി:
,, ജി. പ്രതാപവർമ്മ തമ്പാൻ:
,, ലൂഡി ലൂയിസ്:
,, എം. കെ. പോൾസൺ മാസ്റ്റർ:
,, കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വരൺജയന്തി ഗ്രാമ സ്വരോസ്ഗർ യോജന (എസ്. ജി. എസ്. വൈ.) സംസ്ഥാനത്ത് നടപ്പാക്കിയത് എന്നു മുതൽക്കാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പദ്ധതി പ്രകാരം ഇതുവരെ എത്ര സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ചു;

(സി) അവയ്ക്ക് എന്തു സാമ്പത്തിക സഹായം നൽകി; കേന്ദ്രത്തിൽ നിന്ന് ഇതിന് എന്തു തുക ലഭിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1-4-1999 മുതൽ.

(ബി) 46,511 സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്.

(സി) ബാങ്ക് വായ്പയായി 5,255.57 ലക്ഷം രൂപയും സബ്സിഡിയായി 3,778.01 ലക്ഷംരൂപയും റിവോൾവിംഗ് ഫണ്ട് സഹായമായി 981.71 ലക്ഷം രൂപയും സ്വയം സഹായ സംഘങ്ങൾക്ക് സാമ്പത്തിക സഹായമായി നൽകി. കേന്ദ്ര സർക്കാരിൽ നിന്നും 7,643.16 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.

എസ്. ജി. എസ്. വൈ.-യിൽ നിന്നും ധനസഹായം ലഭിക്കുന്നതിന് പദ്ധതികൾ

174 [3579] ശ്രീ. വി. ചെന്താമരാക്ഷൻ:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എസ്. ജി. എസ്. വൈ. പരിപാടിയിൽ നിന്നും ധന സഹായം ലഭിക്കുന്നതിന് പദ്ധതികൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) അംഗീകാരം ലഭിച്ച പദ്ധതികൾ ഏതൊക്കെ; ഓരോ പദ്ധതിയുടെയും അടങ്കൽ തുകയും കേന്ദ്രധനസഹായവും എത്ര വീതമെന്ന് വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എസ്. ജി. എസ്. വൈ.-യിലൂടെ ലഭിച്ച ധനസഹായം ഓരോ വർഷവും എത്രയായിരുന്നുവെന്നും സംസ്ഥാന സർക്കാരിന്റെ മാച്ചിംഗ് ഗ്രാന്റ് ആയി എത്ര തുക വീതം അനുവദിച്ചുവെന്നും ഉള്ളതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ നൽകാമോ?

ഉത്തരം

(എ) എസ്. ജി. എസ്. വൈ. ഒരു വിഹിതാധിഷ്ഠിത (Allocation Based) കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. ഈ പദ്ധതി അനുസരിച്ചുള്ള ഓരോ വർഷത്തേയും വിഹിതം കേന്ദ്രസർക്കാരിൽ നിന്ന് ലഭിച്ചുവരുന്നു. കേന്ദ്ര ഗ്രാമവികസന മന്ത്രാലയം

LIBRARY ARCHIVES Kerala Legislative Assembly